**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5163** **21-03-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യമായി തൈകൾ വിതരണം ചെയ്യുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി ഭവനുകൾ/സന്നദ്ധ സംഘടനകൾ മുഖേന സൗജന്യമായി തൈകൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതി പ്രകാരം വീട്ടുവളപ്പിലെ പഴം, പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം ഉൾപ്പടെയുള്ള പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ, ഫലവൃക്ഷ തൈകൾ എന്നിവ കൃഷി ഭവനുകൾ മുഖേന പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു വരുന്നുണ്ട്. പദ്ധതി ഘടകത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2024-25 സാമ്പത്തിക വർഷത്തിൽ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽ നിന്നു തന്നെ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 3/- രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകൾ കൃഷി ഭവനുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2.5 രൂപ വിലയുള്ള 40 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി ദീർഘകാല വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15/- രൂപ വിലവരുന്ന 1 ലക്ഷം തൈകൾ സൗജന്യമായി കൃഷി ഭവനുകൾ മുഖേന കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.<br><br>വി.എഫ്.പി.സി.കെ. യുടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി 2024-25 സാമ്പത്തിക വർഷം 37.5 ലക്ഷം രൂപ വില വരുന്ന 12.76513 ലക്ഷം പച്ചക്കറി തൈകൾ സൗജന്യമായി കർഷർക്കും സന്നദ്ധ സംഘടനകൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>പച്ചക്കറി തൈകൾ (സങ്കരയിനം ഉൾപ്പെടെ), കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള |

| | | | |
|---|---|---|---|
| | | | കാർഷിക സമർവ്വകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, ബ്ലോക്ക് തല നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷികകർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ വിവിധ ഏജൻസികളിൽ നിന്നും തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കുന്നു.<br><br>കാർഷിക വികസന കർഷക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പഴവർഗ്ഗ പുഷ്പ-ഔഷധ സസ്യ കൃഷി വികസന പദ്ധതിയിൻ കീഴിൽ കൃഷി ഭവനുകൾ മുഖേന ഫലവൃക്ഷതൈകളുടെ വിതരണം സൗജന്യമായി നൽകി വരുന്നുണ്ട്. പാഷൻ ഫ്രൂട്ട്, സീതപ്പഴം, ഡ്രാഗൺഫ്രൂട്ട്, നാരക ഇനങ്ങൾ, മാംഗോസ്റ്റീൻ, പപ്പായ (റെഡ് ലേഡി, ഹൈബ്രിഡ്) എന്നീ തൈകളാണ് സൗജന്യമായി വിതരണം നടത്തുന്നത്. സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷനു (KSAMM) കീഴിലുള്ള കാർഷിക കർമ്മസേന/അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ, ആറളം ഫാമിംഗ് കോർപ്പറേഷൻ തുടങ്ങിയ അംഗീകൃത ഏജൻസികൾ മുഖേനയാണ് ഗുണമേന്മയുള്ള ഫലവൃക്ഷതൈകൾ ഉല്പാദിപ്പിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 2,18,109 എണ്ണം തൈകൾ വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ